Deshabhimani 30.12.17



# വൈവിധ്യങ്ങളുടെ പ്രദർശനം

• സ്വന്തം ലേഖകൻ

തൃശൂർ > കൃഷിവകുപ്പിന്റെ ആഭിമുഖ്യത്തിൽ കാർഷിക സർവകലാശാല ആസ്ഥാനത്ത് നടക്കുന്ന 'വൈഗ 2017' കാർഷിക പ്രദർശനത്തിലെ പ്രദർശന സ്റ്റാളുകളിൽ കാർഷിക സർവകലാശാല ഒരുക്കിയ ആകർഷണങ്ങൾ കാണാൻ ജനത്തിരക്കേറെ. വൈഗയുടെ പ്രധാന ആശയമായ നാളികേരം, തേൻ, വാഴപ്പഴം, ചെറുധാന്യങ്ങൾ എന്നിവയുടെ മൂല്യവർധിത സാധ്യതകൾ വിവരിക്കുന്നതിനൊപ്പം കൗതുകമുണർത്തുന്ന ഉൽപ്പന്നങ്ങളും ഒരുക്കിയാണ് സർവകലാശാല കാണികളെ ആകർഷിക്കുന്നത്. പവലിയനിൽ തേങ്ങയിൽ നിന്നുള്ള ഉൽപ്പന്നങ്ങളായ നീര, വെന്ത വെളിച്ചെണ്ണ കാപ്സ്യൂൾ, ഹെയർ ഓയിൽ, ഇളനീർ പുഡ്ഡിങ്, ബർഫി തുടങ്ങിയവയും തെങ്ങിൻതടികൊണ്ടുള്ള ഫർണിച്ചറും ഉണ്ട്. പരമ്പരാഗത തടിയുൽപ്പന്നങ്ങളോട് കിടപിടിക്കുന്ന സെറ്റികളും ചാരുകസേരയും ദിവാൻ കോട്ടും കട്ടിലുമൊക്കെയുണ്ട്. പാഴാക്കിക്കളയുന്ന തെങ്ങിൻ തടിക്കിങ്ങനെയും ഉപയോഗമുണ്ടെന്ന് തെളിയിച്ചിരിക്കയാണ് ഫോറസ്ട്രി കോളേജിലെ വുഡ് സയൻസ് വിഭാഗം മേധാവി ഡോ. ഇ വി അനൂപും സംഘവും. തേക്കിനെന്ന പോലെ ഈടും ഭംഗിയും ഈ ഫർണിച്ചറിനുമുണ്ടെന്നാണ് അവർ അവകാശപ്പെടുന്നത്.



► വൈഗ പ്രദർശനം സന്ദർശിക്കുന്ന മന്ത്രിമാരായ കെ ടി ജലീൽ, വി എസ് സുനിൽകുമാർ എന്നിവർ

പിസാങ്ങ് സെറിബു, യംഗാംബി, ഫൗഗാമു തുടങ്ങിയ അപൂർവ വാഴക്കുലകൾ പ്രദർശിപ്പിച്ച അടുത്ത പവലിയനിൽ ചെങ്കദളി ജ്യൂസ്, വാഴപ്പിണ്ടിയുടെ ജ്യൂസും പൗഡറും, വാഴപ്പൂവ് അച്ചാറും ചട്ണിയും, വാഴപ്പഴ ഹലുവ എന്നിവയും വാഴനാരുകൊണ്ടുള്ള വസ്ത്രങ്ങളും പ്രദർശിപ്പിച്ചിട്ടുണ്ട്. ചെറു തേനീച്ചപ്പെട്ടിയും കാർഷിക സർവകലാശാല രൂപകൽപ്പന ചെയ്ത തേനീച്ചപ്പെട്ടിയും മറ്റ് തേനീച്ചപ്പെട്ടികളും പ്രദർശിപ്പിച്ച തേൻ പവലിയനിൽ തേൻ മെഴുകുപയോഗിച്ചുണ്ടാക്കിയ സൗന്ദര്യവർധക വസ്തുക്കളും ഹണി ഡ്രിങ്ക്, ഹണി ലഡു, ഹണി ആൽമണ്ട് തുടങ്ങിയ രുചിക്കൂട്ടുകളുമുണ്ട്.

ചാമ, കൂവരക്, റാഗി, പനിവരക്, യവം, കമ്പം, മണിച്ചോളം എന്നിങ്ങനെയുള്ള ചെറുധാന്യങ്ങളുടെ ശേഖരമാണ് മറ്റൊരാകർഷണം. ഇവയിൽ നിന്നുണ്ടാക്കിയ ഹെൽത്ത് മിക്സ്, ദോശക്കൂട്ട്, അവൽ, പുട്ടുപൊടി എന്നിവയും ഇവിടെയുണ്ട്.

ഭൗമ സൂചികാപദവി നേടിയ ഉൽപ്പന്നങ്ങളുടെ പ്രദർശനം ഒരുക്കിയിരിക്കുന്നതിനടുത്ത് പട്ടാമ്പി നെല്ല് ഗവേഷണ കേന്ദ്രത്തിൽ വികസിപ്പിച്ച നെല്ലിനങ്ങളുടെ ശേഖരവും വിവിധ പച്ചക്കറികളിൽ നിന്നുൽപ്പാദിപ്പിച്ച സ്ക്വാഷ്, വൈൻ, അച്ചാറുകൾ, കശുമാങ്ങയിൽനിന്നുള്ള വിനാഗിരി, ഹൽവ, ജാം തുടങ്ങിയവയും കാണാം.

ഔഷധ സസ്യങ്ങൾ കൊണ്ടുണ്ടാക്കിയ ഫേസ്ക്രീം, ഷാംമ്പു, കേശരക്ഷ വെളിച്ചെണ്ണ, ആടലോടക ചൂർണം തുടങ്ങിയവ ലഭ്യമാകുന്ന സ്റ്റാളിനടുത്ത് കൊക്കോ തൈകൾ, കായ്കൾ, ശുദ്ധമായ ചോക്കലേറ്റ്, മിൽക്ക് ചോക്കലേറ്റ്, ഡ്രിങ്കിങ് ചോക്കലേറ്റ് എന്നിവയുമുണ്ട്.

കൂൺ വിത്തുകളും കൂൺ ഉൽപ്പന്നങ്ങളും കുന്തിരിക്കത്തിൽ നിന്നുണ്ടാക്കിയ ചന്ദനത്തിരികളും വിവിധ ഫലവർഗ, പൂച്ചെടിത്തൈകളും വിൽപ്പനക്കുണ്ട്. കാർഷിക യന്ത്രോപകരണങ്ങളും കാർഷികോൽപ്പന്ന സംസ്കരണ യന്ത്രങ്ങളും പരിചയപ്പെടുന്നതിനൊപ്പം അക്വാപോണിക്സ് കൃഷിരീതി, വിവിധ മാലിന്യ സംസ്കരണ മാർഗങ്ങൾ എന്നിവയും കണ്ടറിയാം.